Page 1 of 1

കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. 'റൂസ' പദ്ധതി ധന സഹായം ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപീകരിക്കുന്ന 'ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ' സഹായിക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധരുടെ പാനലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായമായി സംസ്ഥാന ഗവൺമെന്റിന് പ്രാരംഭ പ്രവർത്തിനത്തിന് 2.60 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന ഹയർ എഡ്യൂക്കേഷൻ പ്ലാൻ അനുസരിച്ചാണ് തുക അനുവദിക്കുന്നത്. സംസ്ഥാനത്തിന്റെ ഹയർ എഡ്യൂക്കേഷന്റെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 65% കേന്ദ്ര ഗവൺമെന്റും 35% സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം നൽകിയാൽമതി.

**ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ**

106 (1074) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയെന്നും അനുവദിച്ച തുക ലഭിക്കുകയുണ്ടായോയെന്നും ലഭിച്ചെങ്കിൽ എന്ത് തുക ചെലവായി എന്നും അറിയിക്കാമോ ;

(സി) തുക മുഴുവൻ വിനിയോഗിക്കാനായില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ?

**ഉത്തരം**

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പിലെ നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ**

107 (1075) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly